## ആന്ദ്രശാല

# പെട്രോൾ വില വർധിപ്പിക്കുക

നമ്മുടെ പെട്രോളിന്റെ ഉപഭോഗം വർഷംതോറും കോടികളുടെ കണക്കിൽ പെരുകിക്കൊണ്ടിരിക്കുകയാണ്. ഇതിനെ രാഷ്ട്രത്തിന്റെ പുരോഗതിയായി വിലയിരുത്തുന്നവരുണ്ട്. എന്തും വർധിക്കുന്നത് പുരോഗതിയാണെങ്കിൽ വാഹനങ്ങൾ വർധിക്കുന്നതും പുരോഗതിയാണല്ലോ. പെട്രോളിന്റെ വില ക്കുറവാണ് എല്ലാവരെയും സ്വന്തംവണ്ടിയുള്ളവരാക്കാൻ പ്രേരിപ്പിക്കുന്നത്. സ്വന്തമായി വാഹനമുപയോഗിക്കുന്നവർ പൊതു വാഹനങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയാൽ ഒരു ദിവസംമാത്രം സമ്പാദിക്കുന്നത് എത്ര കോടി ഉറുപ്പികയായിരിക്കും! ഒരാൾക്കുവേണ്ടി ഒരു വാഹനമോടിക്കുന്നത് ഒരു ദരിദ്ര രാഷ്ട്രത്തിന് അംഗീകരിക്കാൻ കഴിയാത്ത മനുഷ്യാവകാശമാണ്. ചില രാഷ്ട്രങ്ങളിലുള്ള ഒരു നിബന്ധന ഒരു ദിവസം ഇന്ന നമ്പർ വണ്ടികൾ മാത്രമേ ഓടിക്കാവൂ എന്നുള്ളതാണ്. ഇങ്ങനെ വരുമ്പോൾ അടുത്തുള്ളവർ അതാതു ദിവസം ഓടുന്ന നമ്പറുകളിലായി ഗതാഗതം ഷെയർചെയ്യും. ഇതൊരു നല്ല സമ്പ്രദായമാണെങ്കിലും നമ്മെപ്പോലെ കടത്തിന്റെ ബാധ്യത ദിവസേന വർധിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തിനു ചെയ്യാവുന്ന പരിഹാരം പെട്രോൾ വില വർധിപ്പിക്കുക എന്നുള്ളതാണ്. അതുകൊണ്ടുമാത്രം ആവുകയില്ല. കാറും ദ്വിചക്രവാഹനങ്ങളും പെട്രോൾ മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധന കൂടി വേണം. പെട്രോൾ ഒരു ലിറ്ററിന് 100 രൂപയായി നിശ്ചയിക്കുക.

പെട്രോളിന്റെ വിലവർധനകൊണ്ട് മാത്രം നമുക്ക് ലക്ഷ്യം നേടുവാൻ കഴിയുകയില്ല. വാഹനങ്ങളുടെ സർക്കാർ ഉപയോഗവും പരിമിതപ്പെടുത്തണം. രാഷ്ട്രപതി, പ്രധാനമന്ത്രി, സ്പീക്കർമാർ, മുഖ്യമന്ത്രിമാർ, കേന്ദ്രമന്ത്രിമാർ, സുപ്രീംകോടതി ഹൈക്കോടതി ജസ്റ്റിസുമാർ, ഗവർണർമാർ, സൈന്യാധിപന്മാർ ഇവർക്കെല്ലാം പെട്രോൾ വാഹനങ്ങൾ ഉപയോഗിക്കാം. സൈന്യാധിപന്മാർ ഒഴിച്ച് ബാക്കി എല്ലാവരും ഉപയോഗിക്കാവുന്ന പെട്രോളിന് പരിധിവയ്ക്കുക, സർക്കാർതലത്തിലുപയോഗിക്കുന്ന വാഹനങ്ങൾ, സൈനിക വിമാനങ്ങൾ, പുറമെനിന്നും വരുന്ന വിമാനങ്ങൾ, വിദേശികൾ ഉപയോഗിക്കുന്ന കാറുകൾ ഇവയ്ക്ക് അന്താരാഷ്ട്രവിലയ്ക്ക് പെട്രോൾ ലഭ്യമാക്കുക, 100 ക കൊടുത്ത് പെട്രോൾ വാങ്ങാൻ കഴിവുള്ളവരുടെ സ്വകാര്യവാഹനങ്ങൾ എല്ലാം ഓടിക്കൊള്ളട്ടെ. ടാക്സികൾ ഓട്ടോറിക്ഷകൾ, ലക്ഷ്വറി കോച്ചുകൾ ഒന്നും പാടില്ല. അവയ്ക്കു പകരം ടൂറിസംവകുപ്പിന്റെ കീഴിൽ ഡീസൽ വാഹനങ്ങൾ, സ്കൂളുകൾക്ക് കുട്ടികളുടെ ആവശ്യത്തിനു മാത്രം വാഹനങ്ങൾ, പഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ രോഗികൾക്ക് ആംബുലൻസ് സൗകര്യം എന്നിവ ഏർപ്പെടുത്തുക, നീതിന്യായം, പോലീസ്, എക്സൈസ്, വനം എന്നീ വകുപ്പുകളിലെ അധികാരികൾക്ക് സ്ഥാനമാനങ്ങൾക്കും ആവശ്യങ്ങളുടെ സ്വഭാവത്തിനനുസരിച്ചും ജീപ്പുകളും ഓട്ടോറിക്ഷകളും അനുവദിക്കുക.

ഇത്രയുമായാൽ തഹസിൽദാർ മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ മേലധികാരികൾ ഡോക്ടർമാർ, എൻജിനിയർമാർ മുതലായവർ പൊതു വാഹനങ്ങളിൽ പൊതുജനങ്ങളോടൊത്ത് യാത്രചെയ്യുന്നവരോ സൈക്കിൾ ഉപയോഗിക്കുന്നവരോ ആയി മാറും. അഴിമതിക്കാരെയും ചുവപ്പുനാട അഴിക്കാത്തവരെയും വേണമെങ്കിൽ പൊതുവാഹനങ്ങൾവച്ച് പൊതുവിചാരണയും നടത്താം; നല്ലവരെ ആദരിക്കുകയും ചെയ്യാം.

ഇങ്ങനെയായാൽ ജനപ്രതിനിധികൾ ആകാനുള്ള തള്ളിക്കയറ്റം കുറയും. നമ്മുടേതായ യാത്രാവിമാനം ഉണ്ടാകാതിരിക്കുമ്പോൾ പ്രധാനമന്ത്രിമാരുടെയും രാഷ്ട്രീയ പ്രധാനികളുടെയും വിമാന വാടക കുടിശിക ഉണ്ടാവുകയില്ല. മന്ത്രിമാർ മിക്കവാറും തലസ്ഥാനത്തുണ്ടാകും.

ഇതുപോലെ വന്നാൽ ഡ്രൈവർമാരെ പുനരധിവസിപ്പിക്കേണ്ടിവരും. ഹൈവേകളിൽ ബസിനുപകരം ട്രാമുകൾ ആക്കേണ്ടിവരും. ബസുകൾ കൂടുതലും ഓടുന്നത് ഉൾനാടുകളിലാകാം. പുകയും ചൂടും വമിക്കാത്ത സൈക്കിളുകൾ അധികമാകും. അന്തരീക്ഷത്തിൽ മാരകമായ കാർബൺ മോണോക്സൈഡിന്റെ അളവ് ഗണ്യമായി കുറയും. റോഡിന്റെ സംരക്ഷണച്ചെലവും ഊഹാതീതമായി കുറയും. റോഡപകടങ്ങളുടെ തോതിന് വ്യത്യാസംവരും. അഞ്ചു വർഷത്തിനകം കടക്കെണിയിൽനിന്ന് രക്ഷപ്പെടും.

-ഹീപ്പി.